കോർപ്പറേഷന്റെ പ്രധാനപ്പെട്ട ബസ് സ്റ്റേഷനുകളിൽ ഷോപ്പിംഗ്. കോംപ്ലക്സുകൾ പണിയുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ കോർപ്പറേഷന്റെ പ്രവർത്തന മൂലധനത്തിനായി കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും വായ്പ യെടുക്കുന്നുണ്ട്. കോർപ്പറേഷൻ പുതിയ ബസുകൾ വാങ്ങുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുക്കുന്നുണ്ട്. കൂടാതെ കോർപ്പറേഷന്റെ അടിസ്ഥാന വികസനത്തിനായി മൂലധന നിക്ഷേപമായും പ്രവർത്തന മൂലധനത്തിനായി വായ്പയായും സർക്കാർ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്.

ചേർത്തല ഡിപ്പോയിലെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

171 (1899) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല ഡിപ്പോയിൽ എത്ര ബസ്സുകളുടെ കുറവാണുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പത്തുവർഷത്തിനുമുകളിൽ കാലപ്പഴക്കമുള്ള എത്ര ബസ്സുകളാണ് ഡിപ്പോയിലുള്ളത് ; ഇവ മാറ്റി പുതിയ ബസ്സുകൾ അനുവദിക്കുന്നതിന് നടപടിഎടുക്കുമോ ;

(സി) മിനി ബസ്സുകൾക്ക് പകരമായി കട്ട്ചേസ് ബസ്സുകൾ അടിയന്തരമായി അനുവദിക്കുന്നതിന് നടപടിയെടുക്കുമോ ;

(ഡി) ചേർത്തല ഡിപ്പോയിൽ എത്ര ബസ്സുകളാണ് ഈ സർക്കാർ പുതുതായി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സ്പെയർ ബസ്സുകളുടെ എണ്ണത്തിൽ 4 എണ്ണം കുറവുണ്ട്.

(ബി) 10 വർഷത്തിനുമുകളിൽ പഴക്കമുള്ള 44 ബസ്സുകളാണുള്ളത്. ഇവയിൽ 13 വർഷത്തിനുമുകളിൽ പഴക്കമുള്ളവ 4 എണ്ണം മാത്രമാണുള്ളത്. മോട്ടോർ വാഹന നിയമപ്രകാരം 15 വർഷത്തിലേറെ പഴക്കമുള്ളവ മാത്രമേ നിരത്തിൽ നിന്നും പിൻവലിക്കേണ്ടതുള്ളു. എന്നാൽ 13 വർഷം കഴിയുന്നവ കെ.എസ്.ആർ.ടി.സി സ്ക്രാപ്പ് ചെയ്തുവരുന്നു. ഇപ്രകാരം സ്ക്രാപ്പ് ചെയ്യുന്ന വയ്ക്കു മാത്രമേ പകരം ബസ്സനുവദിക്കാൻ നിർവ്വാഹമുള്ളു.

(സി) കട്ട്ചേസ് ബസ്സുകൾ നിലവിൽ ലഭ്യമല്ല. പുതിയവ വാങ്ങുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

(ഡി) 30 ബസ്സുകൾ.

കെ.എസ്.ആർ.ടി.സി. ചാലക്കുടി ഡിപ്പോയുടെ വികസനം

172 (1900) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാലക്കുടി ഡിപ്പോയുടെ വികസനത്തിനും നവീകരണത്തിനുമായി ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കുമോ ; അവിടെ നടത്തിയ വികസന-നവീകരണ പ്രവർത്തനങ്ങൾ ഏതൊക്കെ എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly